(സി) വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ ഇതര ഏഷ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് യൂറോപ്യൻ രാജ്യങ്ങളുടെ പങ്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, ദക്ഷിണ കൊറിയ എന്നീ 12 രാജ്യങ്ങളാണ് വിസ ഓൺ അറൈവൽ പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്. വിനോദസഞ്ചാരികളുടെ വർദ്ധന സംബന്ധിച്ച് തിരുവനന്തപുരം-കൊച്ചി അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ വിഭാഗത്തിൽനിന്ന് കണക്കുകൾ വിനോദസഞ്ചാര വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) വിദേശ ടൂറിസ്റ്റുകളിൽനിന്നും സംസ്ഥാനത്തിന് 2013 കലണ്ടർ വർഷത്തിൽ 5560 കോടിയുടെ വിദേശനാണ്യം ലഭിക്കുകയുണ്ടായി. ഇതിൽ ഏകദേശം 3090 കോടിരൂപയുടെ വരുമാനം ലഭിച്ചിട്ടുള്ളത് യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള വിദേശ ടൂറിസ്റ്റുകളിൽ നിന്നാമാണ്. ഇത് ആകെ വരുമാനത്തിന്റെ 56 ശതമാനത്തോളം വരും.

ഉത്തരവാദിത്വ വിനോദസഞ്ചാരം വ്യാവസായിക കാഴ്ചപ്പാട്

205 (8266) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഉത്തരവാദിത്വ വിനോദസഞ്ചാരം വ്യാവസായിക കാഴ്ചപ്പാട് എന്ന പേരിൽ നടത്തിയ ആദ്യ കോൺഫറൻസ് എത്രത്തോളം വിജയകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോൺഫറൻസ് വിനോദസഞ്ചാരികളുടെ ആവശ്യങ്ങൾ സേവനദാതാക്കൾക്ക് മനസ്സിലാക്കുന്നതിന് എത്രത്തോളം സഹായകരമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള ടൂറിസത്തിന്റെ അനന്ത സാധ്യതകൾ കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉത്തരവാദിത്വ വിനോദസഞ്ചാരം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാവസായിക കാഴ്ചപ്പാട് എന്ന പേരിൽ ടൂറിസം വകുപ്പോ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്ന നോഡൽ ഏജൻസിയായ കിറ്റ്സോ ഒരു കോൺഫറൻസ് നടത്തിയിട്ടില്ല. എന്നാൽ 2008-ൽ കൊച്ചി, ലേ മെറിഡിയനിൽ വച്ച് ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ തുടർച്ചയായി 'International Conference on Responsible Tourism in Destinations' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. 2011-ൽ കിറ്റ്സിന്റെ സാങ്കേതിക സഹായത്തോടെ Tourism and Livelihood എന്ന അന്താരാഷ്ട്ര ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ഈ രണ്ടു പരിപാടികളും കേരളത്തിലെ തെരഞ്ഞെടുത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം വിജയകരമായി നടപ്പാക്കുന്നതിൽ സംഘാടകർക്ക് ഉൾക്കാഴ്ച നൽകാൻ സഹായകരമായി.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളുടെയും പങ്കാളിത്തത്തോടെ ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കി വരുന്നുണ്ട്.

വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി

206 (8267) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനും ശക്തിപ്പെടുത്തലിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly